"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി വൈദ്യുതി ചാർജ്ജ് തുക അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.281/2026/F&P തീയതി,തിരുവനന്തപുരം, 27-04-2026

---

പരാമർശം:-

1. സ.ഉ(സാധാ) നം.16/2023/മതുവ തീയതി: 05/01/2023
2. ഫിഷറീസ് ഡയറക്ടറുടെ 26/03/2026-ലെ DFTVM/818/2026-S3PIU നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊന്നാനി പുനർഗേഹം ഫ്ലാറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 156.755 ലക്ഷം രൂപയുടെ ഭരണാനുമതി '4405-00-103-93 (P)' ശീർഷകത്തിൽ നിന്നും അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) 02.10.2025 മുതൽ പ്രവർത്തനം ആരംഭിക്കുകയും, നിർമ്മാണ ഏജൻസിയായ IRTC-യ്ക്ക് 6 മാസത്തേക്ക് (02.04.2026 വരെ) പരിപാലന ചുമതല നൽകുകയും ചെയ്തിരുന്നു. പ്ലാന്റിന്റെ വൈദ്യുതി കണക്ഷൻ ഫിഷറീസ് വകുപ്പിന്റെ പേരിലാണ് എടുത്തിട്ടുള്ളത്. ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് Operation & Maintenance ചെലവുകളും, വൈദ്യുതി ചാർജുകളും വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, പ്ലാന്റിന്റെ തുടർ പരിപാലനം നഗരസഭ പൊന്നാനി ഏറ്റെടുക്കേണ്ടതുണ്ട്.

2) എന്നാൽ, പ്ലാന്റിന്റെ വൈദ്യുതി ബില്ലായി Rs.73,177.14/- രൂപ കുടിശ്ശികയായി വന്നിട്ടുള്ളതായും, കൂടാതെ, മുൻപ് വിവിധ ഘട്ടങ്ങളിലായി അടച്ച Rs. 59,726/- രൂപ ഉൾപ്പെടെ ആകെ Rs.1,32,903.14/- രൂപ അടിയന്തിരമായി അനുവദിക്കേണ്ട സാഹചര്യമുള്ളതായും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക അടച്ചില്ലെങ്കിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടാനും, പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കാനും സാധ്യതയുണ്ടെന്നും, ഇത് ഫ്ലാറ്റിലെ താമസക്കാരുടെ ആരോഗ്യവും ജീവിത സാഹചര്യങ്ങളും ദോഷകരമായി ബാധിക്കാമെന്നും ഫിഷറീസ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാന്റിന്റെ പരിപാലനം ഔദ്യോഗികമായി ഏറ്റെടുക്കുന്നതുവരെയുള്ള കാലയളവിൽ പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, പുനർഗേഹം പദ്ധതി നിർവ്വഹണ ശീർഷകമായ 4405-00-103-89-00-34-03-P-V നിന്നും 1,32,903.14/- രൂപ (ഒരു ലക്ഷത്തി മൂപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ പതിനാല് പൈസ മാത്രം) വൈദ്യുതി ചാർജ് അടയ്ക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ ഡയറക്ടർ

അഭ്യർത്ഥിക്കുകയുണ്ടായി.

3)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച പൊന്നാനി ഫ്ലാറ്റിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി, പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ ശീർഷകമായ '4405-00-103-89-00-34-03-P-V' യിൽ നിന്നും വൈദ്യുതി ചാർജ്ജ് തുകയായ 1,32,903.14/- (ഒരു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി തൊള്ളായിരത്തി മൂന്ന് രൂപ പതിനാല് പൈസ മാത്രം) അടയ്ക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (ഡബ്ല്യുസിഡി) വകുപ്പ് (3471821/WCD-2/130/2026-FIN തീയതി 22/04/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (സി2/99/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 27-04-2026 14:51:26

സെക്ഷൻ ഓഫീസർ